Snehakoodu
Abhayamandiram
KOTTAYAM

REG NO: 86/IV/2015

അശരണരായ അച്ഛനമ്മമാരുടെ മതേതര കൂട്ടുകുടുംബം

# സ്നേഹക്കൂട് അഭയമന്ദിരം

(Recognised by Snehakoodu Charitable Trust)


**YWCA Lane, Baker Jn, Kottayam - 01**

0481 2301555, 9605757179, 7012427454





## #SQUARE FEET CHALLENGE ₹1500

Per Square Feet

SQUARE FEET CHALLENGE

## മക്കളും, ബന്ധുക്കളും ഉപേക്ഷിച്ച വൃദ്ധമാതാപിതാക്കൾക്ക് സ്നേഹകൂടൊരുക്കാൻ

# കൂടെ കൂടാമോ?

## OUR BANK

**SNEHAKOODU CHARITABLE TRUST**
ACCOUNT NUMBER: **030803631809195001**
BANK: **CATHOLIC SYRIAN BANK, BAKER JUNCTION**
IFSC CODE: **CSBK0000043**

Paytm 96057 57179

SCAN AND PAY HERE

SNEHAKOODU CHARITABLE KOTTAYAM
snehakooduc.18879@csbpay

www.snehakoodu.org

കോട്ടയം ആസ്ഥാനമാക്കി കഴിഞ്ഞ ആറു വർഷക്കാലമായി ജീവകാരുണ്യ പ്രവർത്തനങ്ങൾ നടത്തുന്ന സ്നേഹക്കൂട് ചാരിറ്റബിൾ ട്രസ്റ്റിന്റെ കീഴിൽ ബേക്കർ ജംഗ്ഷനിൽ പ്രവർത്തിച്ചു വരുന്ന അശരണരായ അച്ഛനമ്മമാരുടെ മതേതര കൂട്ടുകുടുംബമായ സ്നേഹക്കൂട് അഭയമന്ദിരത്തിൽ ഇതുവരെ മക്കളാലും, ബന്ധുക്കളാലും ഉപേക്ഷിക്കപ്പെട്ട് എത്തിയത് 158ൽ പരം അച്ഛനമ്മമാരാണ്, അതിൽ നൂറിലധികം പേരെ മക്കളും ബന്ധുക്കളുമായുള്ള നിരന്തര കൗൺസിലിങ്ങിലൂടെയും, നിയമ നടപടികളിലൂടെയും തിരികെ അയയ്ക്കുവാൻ സാധിച്ചതാണ് ഇത്രയും നാൾ സമൂഹത്തിനായി സ്നേഹക്കൂട് ചെയ്ത പ്രവർത്തനങ്ങളിൽ ഞങ്ങൾക്ക് ഏറ്റവും സന്തോഷവും, സംതൃപ്തിയും നല്കുന്നത്.

മക്കളാൽ പെരുവഴിയിൽ ഉപേക്ഷിക്കപ്പെടുന്ന മാതാപിതാക്കളേയും, തെരുവിൽ ഒറ്റപ്പെട്ട് അലയുന്ന സഹജീവികളേയും , സ്നേഹക്കൂട് കുടുംബം കഴിഞ്ഞ ആറു വർഷക്കാലമായി ഒരു കുടക്കീഴിലാക്കി ചേർത്ത് പിടിച്ച് സംരക്ഷിയ്ക്കുന്നത് വാടക കെട്ടിടങ്ങളിലാണ്.

സ്വന്തമായി കുറച്ച് ഭൂമിയും, ഭീമമായ വാടക നല്കാതെ വൃദ്ധരായ അച്ഛനമ്മമാരെ മഴയും, വെയിലുമേൽക്കാതെ സംരക്ഷിയ്ക്കുവാൻ ഒരു വീടുമെന്നത് സ്വപ്നം മാത്രമായി നില നിൽക്കുമ്പോഴാണ് കോട്ടയം ടൗണിന് സമീപത്ത് അതിന് അനുയോജ്യവും, മൂല്യമുള്ളതുമായ 15 സെന്റ് ഭൂമി സെന്റിന് 1 ലക്ഷം രൂപ നിരക്കിൽ ഒരു സുമനസ്സ് നമ്മൾക്കായി നല്കിയത്.

പ്രസ്തുത സ്ഥലത്ത് 150 അംഗങ്ങൾക്ക് അഭയമേകുന്നതിനായി 6000 ചതുരശ്ര അടി വിസ്താരമുള്ള ഒരു കെട്ടിടം നിർമ്മിയ്ക്കുവാനുള്ള യാത്രയിലാണ് ഞങ്ങൾ. ഇതിനായി ഒരു സ്ക്വയർ ഫീറ്റ് ചലഞ്ച് (1 Sq ft= 1500 രൂപ) എന്ന ആശയവുമായി നിങ്ങളുടെ മുൻപിലേയ്ക്ക് ഞങ്ങൾ എത്തുകയാണ്.

ഈ കഴിഞ്ഞ കാലയളവിൽ സ്നേഹക്കൂടിനൊപ്പം താങ്ങായി, തണലായി നിന്ന പ്രിയപ്പെട്ടവർ ഒരോരുത്തരും അച്ഛനമ്മമാർക്കായി ഈ സ്നേഹകൂടൊരുക്കുവാൻ ഞങ്ങൾക്കൊപ്പമുണ്ടാകുമെന്ന പ്രതീക്ഷയോടെ, ഞങ്ങളുടെ അച്ഛനമ്മമാരുടെ പ്രാർത്ഥനകളിൽ നിങ്ങളും കുടുംബവും ഒപ്പമുണ്ടാകും എന്ന ഉറപ്പോടെ ഈ ഉദ്യമത്തിൽ പങ്കാളികളാകുവാൻ ഞങ്ങൾ നിങ്ങളോടപേക്ഷിയ്ക്കുന്നു.

സ്നേഹാദരപൂർവ്വം,

**അനൂരാജ് ബി.കെ**
ട്രസ്റ്റ് സെക്രട്ടറി

**നിഷ സ്നേഹക്കൂട്**
മാനേജിങ് ട്രസ്റ്റി

## ഈ ഉദ്യമത്തിൽ എങ്ങനെ നിങ്ങൾക്കും കുടുംബത്തിനും പങ്കാളികളാം

1. നിർദ്ദിഷ്ട 6000 ചതുരശ്ര അടിയുടെ അഭയമന്ദിര കെട്ടിടത്തിന്റെ ഒരു ചതുരശ്ര അടിയ്ക്ക് 1500 രൂപ എന്ന കണക്കിൽ സ്ക്വയർ ഫീറ്റുകളായി നല്കി നിങ്ങൾക്ക് ഞങ്ങളെ സഹായിക്കാം.
2. അഭയമന്ദിര നിർമ്മാണത്തിനായി ഒരു ലക്ഷം രൂപയിൽ കൂടുതൽ നല്കുന്ന വ്യക്തികളുടേയോ, സ്ഥാപനങ്ങളുടേയോ, സംഘടനകളുടെയോ പേര് വിവരങ്ങൾ പ്രത്യേക ഫലകത്തിൽ എഴുതി ആജീവനാന്തം അഭയമന്ദിര കെട്ടിടത്തിൽ പ്രദർശിപ്പിക്കുന്നതായിരിക്കും.
3. ദൈവത്തിങ്കലേയ്ക്ക് യാത്രയായ പ്രിയപ്പെട്ടവരുടെ ഓർമ്മയ്ക്കായി അഭയമന്ദിരത്തിന് വേണ്ടി വരുന്ന മുറികൾ/ഡോമെട്രികൾ, അടുക്കള, അന്നദാന ഹാൾ, പ്രാർത്ഥനാ ഹാൾ, ഓഡിറ്റോറിയം, ഓഫീസ് മുറികൾ, നഴ്സിങ്ങ് സ്റ്റേഷൻ, മെഡിസിൻ റൂം, സ്റ്റോർ മുറി, രണ്ട് സെല്ലുകൾ, ചുറ്റുമതിൽ ഇവയിൽ ഏതെങ്കിലും ഒന്ന് നിർമ്മിയ്ക്കുവാനുള്ള സാമ്പത്തിക സഹായം നല്കാവുന്നതാണ്. മുറിയുടെ / കെട്ടിടത്തിന്റെ മുൻവശം നിർദ്ദിഷ്ട വ്യക്തിയുടെ ഫോട്ടോയും വിവരങ്ങളും ആജീവനാന്തം പ്രദർശിപ്പിക്കുന്നതായിരിക്കും.
4. കെട്ടിട നിർമ്മാണത്തിന് ആവശ്യമായ നിർമ്മാണ സാമഗ്രികൾ സംഭവനയായി നല്കാവുന്നതുമാണ്.
5. നിങ്ങളുടെ സഹായങ്ങൾ നേരിട്ട് പണമായോ, ചെക്ക് മൂലമോ, ബാങ്ക് ട്രാസ്ഫർ ആയോ, Paytm എന്നീ മൊബെൽ ആപ്ളിക്കേഷനുകളിൽ കൂടിയോ നല്കാവുന്നതാണ്.